### മരണപ്പെടുന്നത് കൂടുതലും സ്ത്രീകൾ

# പ്രമേഹ രോഗികളിൽ ഹൃദ്രോഗ സാധ്യത കൂടുതലെന്ന് വിദഗ്ധർ

**കൊച്ചി:** കേരളത്തിലെ ഹൃദ്രോഗികളെ കുറിച്ച് കൃത്യമായ കണക്കുകളൊന്നും ലഭ്യമല്ലെങ്കിലും പ്രമേഹ രോഗികളിൽ ഹൃദ്രോഗ സാധ്യത കുടുതലാണെന്ന് വിദഗ്ധർ. തിരുവനന്തപുരത്തെ ഹൃദ്രോഗ രജിസ്ട്രിയിലെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് ഹൃദ്രോഗികളാകുന്നവരുടെ പ്രായം യു എസ് പോലുള്ള പാശ്ചാത്യ നാടുകളിലെക്കാൾ 12 വയസ്സിനെങ്കിലും ചെറുപ്പമാണെന്ന് വ്യക്തമാകുന്നതായി കൊച്ചി എയിംസിലെ ഹൃദ്രോഗ വിദഗ്ധർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഹൃദയം തകരാറിലാകുന്ന 71 ശതമാനം പേരിലും കുഴപ്പമുണ്ടാക്കുന്നത് കൊറോണറി ആർട്ടറി രോഗമാണ്. ഇന്ത്യയിലെയും വിദേശത്ത് നിന്നുമുള്ള കാർഡിയോളജിസ്റ്റുകളുടെ ഒരു ദിവസത്തെ യോഗത്തിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഡോക്ടർമാർ അവതരിപ്പിച്ച കണക്കാണിത്. ഹൃദയം തകരാറിലാകുന്നത് ശരീരത്തിന് ആവശ്യമായ രക്തം പമ്പ് ചെയ്യാൻ കഴിയാതെ വരുമ്പോഴാണ്. ശ്വാസം കിട്ടാതെ വരിക, കണങ്കാലിൽ നീര്, ക്ഷീണം തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഹൃദയ പേശികൾ, ഹാർട്ട് വാൽവുകൾ, ഹൃദയ ആവരണം എന്നിവക്ക് തകരാറുണ്ടാകുന്നതാണ് പ്രധാന കാരണം. ഹൃദ്രോഗികളുടെ എണ്ണത്തിൽ ലോകത്ത് ഏറ്റവും ഉയർ നിരക്കാണ് ഇന്ത്യയിലെത്.

ഇന്ത്യയിൽ 65 വയസ്സിന് മുകളിലുള്ളവരിൽ 100ൽ ഒരാൾക്കാണ് ഹൃദയാഘാതം സംഭവിക്കുന്നതെങ്കിൽ 75 വയസ്സിന് മുകളിലാകുമ്പോൾ ഇത് 100ൽ ഏഴ് പേർക്കാകുന്നു. ഹൃദ്രോഗത്തിന് പ്രധാന കാരണം പ്രമേഹമാണെന്നും കേരളത്തിൽ ഇതിന്റെ തോത് വർധിച്ചുകൊണ്ടിരിക്കുകയാണെന്നും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ കാർഡിയോളജി ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. ഡോ. കെ യു നടരാജൻ പറഞ്ഞു. ഹൃദയാഘാതത്തിന് നിരവധി കാരണങ്ങളുണ്ടാകാമെന്നും ഹൈപ്പർ ടെൻഷൻ, കിഡ്നി രോഗം, പുകവലി തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഹൃദയാഘാതം മൂലം മരണപ്പെടുന്നത് കൂടുതലും സ്ത്രീകളാണ്. ചികിത്സക്കിടെ ഇവരുടെ മരണനിരക്ക് ഒമ്പത് ശതമാനമാണ്, ആശുപത്രി വിട്ട ശേഷമുള്ള 90 ദിവസത്തെ കാലപരിധിയിൽ ഈ സംഖ്യ 9.6 ശതമാനമാകുന്നുണ്ടെന്നും ആശുപത്രി വിട്ട് ഒരു വർഷത്തിന് ശേഷം മരിക്കുന്ന സ്ത്രീകളുടെ നിരക്ക് 31 ശതമാനമാണെന്നും അദ്ദേഹം പറഞ്ഞു.

വാർത്താസമ്മേളനത്തിൽ കാർഡിയോളജി ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ഡോ. വിജയകുമാർ, പ്രൊഫ. ഡോ. സി രാജീവ്, പ്രൊഫ. ഡോ. രാജേഷ് തച്ചതൊടിയിൽ സംബന്ധിച്ചു.